പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4615 — 23.07. 2015 ൽ മറുപടിക്ക്

# വൈദ്യുതി മോഷണം

**ചോദ്യം**

ശ്രീ. കെ.അജിത്

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈദ്യുതി മോഷണത്തിന് ചുമത്തിയ ഏറ്റവും കൂടിയ തുക എത്രയെന്നും ഇതിന് കാരണക്കാരനായ ഉപഭോക്താവാരെന്നും വ്യക്തമാക്കുമോ ; | (എ) 1,02,95,952/- രൂപ. എറണാകുളം ജില്ലയിൽ പെരുമ്പാവൂർ ഇലക്ട്രിസിറ്റി സെക്ഷന്റെ കീഴിലുള്ള 21767-ാം നമ്പർ കൺസ്യൂമറായ പി.എസ്. ഹാരിസ്, ജെ.ജെ. പ്ലൈവുഡ്, പെരുമ്പാവൂർ ആണ് ഉപഭോക്താവ്. |
| (ബി) വൈദ്യുതി മോഷണത്തിന് പിഴ ശിക്ഷ ഏറ്റുവാങ്ങേണ്ടി വന്നവർ നിയമ നടപടികളിലേയ്ക്ക് നീങ്ങിയിട്ടുണ്ടോയെന്നും എങ്കിൽ ഇതു സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നും ഏതെങ്കിലും കേസിൽ വൈദ്യുതി ബോർഡിനെതിരായ വിധി ഉണ്ടായിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ | (ബി) നീങ്ങിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 26 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു കേസിൽ വൈദ്യുതി ബോർഡിനെതിരെ വിധി വരുകയും, ആയതുപ്രകാരം കുമ്പനാട് സെക്ഷന്റെ കീഴിലുള്ള 3176-ാം നമ്പർ കൺസ്യൂമറുടെ പിഴതുക റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| സി) വൈദ്യുതി മോഷണം അറിയിക്കുന്ന വ്യക്തികൾക്ക് എന്തെങ്കിലും പാരിതോഷികം നൽകാറുണ്ടോയെന്നും എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ രീതിയിൽ എത്ര തുക ബോർഡ് നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ? | (സി) ഉണ്ട്. ഏതെങ്കിലും വ്യക്തികൾ മോഷണവിവരം അറിയിക്കുകയും, രേഖാമൂലം പാരിതോഷികത്തിന് അപേക്ഷിക്കുകയും ചെയ്താൽ അത്തരം വ്യക്തികൾക്ക്, അവർ നൽകിയ സൂചനയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വൈദ്യുതി മോഷണത്തിന്റെ പിഴ തുകയുടെ അഞ്ച് ശതമാനമോ, 50,000/- രൂപയോ, ഏതാണ് കുറവായിട്ടുള്ളത് അത്രയും തുക, അനുബന്ധ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പാരിതോഷികമായി നൽകുന്നതാണ്.<br>ഇത്തരം സൂചനയുടെ അടിസ്ഥാനത്തിൽ 2014-15 വർഷം 9,54,501/- രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തുകയുണ്ടായി. ആയതിന് 21,937/- രൂപ പാരിതോഷികമായി നൽകിയിട്ടുണ്ട്. ബാക്കി 25,790/- രൂപ പാരിതോഷികമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ